(ഡി) 1983, 1984 കാലയളവിൽ ആംഡ് പോലീസ് ബറ്റാലിയനിൽ പോലീസുകാരായി നിയമനം ലഭിച്ചവർക്ക് ജില്ലാ ആംഡ് റിസർവ്വുകളിലേക്ക് ട്രാൻസ്ഫർ ആയി വരുന്നതിന് 22-3-1988-ലെ G.O(Ms) No. 38/88 Home പ്രകാരമാണോ ട്രാൻസ്ഫർ നൽകിയിട്ടുള്ളത്; GO-ൽ ട്രാൻസ്ഫർ ആകുന്നതിനുള്ള കാലാവധി എത്ര ; ജില്ല സായുധ റിസർവ്വുകളിൽ വേക്കൻസിയുടെ അടിസ്ഥാനത്തിലാണോ ട്രാൻസ്ഫർ നല്കുന്നത്; അപ്രകാരം ട്രാൻസ്ഫർ ആയി വരുന്ന പോലീസ് ഉദ്യോഗസ്ഥർക്ക് ജില്ലാ സായുധ റിസർവ്വുകളിൽ സീനിയോറിറ്റി ഏത് തീയതി മുതലാണ് നിശ്ചയിക്കുന്നത്;

(ഇ) ബഹുമാനപ്പെട്ട ഹൈക്കോടതി വിധി WPC No. 17133/2010, G.O(P)No. 33/89എന്നിവ നടപ്പിലാക്കുന്നതിനായി നിയമവകുപ്പിന്റെ ഉപദേശം തേടിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ അതിന്റെ അടിസ്ഥാനത്തിലാണോ സീനിയോറിറ്റി നിശ്ചയിച്ചിട്ടുള്ളത് ; ഏതു തീയതിയിലാണ് നിയമോപദേശം തേടിയിട്ടുള്ളത് ;

ഉത്തരം

(എ- ഇ) വിവരം ശേഖരിച്ചുവരുന്നു.

റാന്നി പോലീസ് സർക്കിൾ ഇൻസ്പെക്ടർ ഓഫീസിലെ ഉദ്യോഗസ്ഥരുടെ കുറവ്

184 (3817) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റാന്നി പോലീസ് സർക്കിൾ ഇൻസ്പെക്ടർ ഓഫീസിൽ ക്രമസമാധാന പരിപാലനത്തിനുള്ള ഉദ്യോഗസ്ഥരുടെ കുറവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇവിടെ എത്ര ഉദ്യോഗസ്ഥരുടെ തസ്തികയാണ് ആകെയുള്ളത്; ഇതിൽ എത്രപേർ നിലവിലുണ്ട് ;

(ബി) ഉദ്യോഗസ്ഥരുടെ കുറവ് പരിഹരിക്കാൻ താൽക്കാലിക വ്യവസ്ഥയിൽ റാന്നി സ്റ്റേഷനിൽ പോലീസുകാരെ നിയോഗിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര പേരെയാണെന്ന് പറയാമോ ;

(സി) ഉദ്യോഗസ്ഥരുടെ കുറവ് പരിഹരിക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ ;

(ഡി) ശബരിമല സീസണിലും മറ്റും അനുഭവപ്പെടുന്ന ട്രാഫിക് കുരുക്കിനു പരിഹാരമായി റാന്നിയിൽ അനുവദിക്കാമെന്നു പറഞ്ഞിരുന്ന ട്രാഫിക് പോലീസ് സ്റ്റേഷൻ ആരംഭിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ ;

(ഇ) ട്രാഫിക് ഡ്യൂട്ടിക്ക് അധികമായി പോലീസുകാരെ അനുവദിക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ- ഇ) വിവരം ശേഖരിച്ചു നൽകുന്നതാണ്.

തീരദേശ പോലീസ് സ്റ്റേഷനുകൾ

185 (3818) ശ്രീമതി ജമീല പ്രകാശം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ എത്ര തീരദേശ പോലീസ് സ്റ്റേഷനുകൾ പ്രവർത്തിക്കുന്നുണ്ട് ;

(ബി) അവ ഏതെല്ലാം എന്ന് വിശദമാക്കുമോ ;

(സി) വിഴിഞ്ഞത്ത് 2010-ൽ പ്രവർത്തനം ആരംഭിച്ച വിഴിഞ്ഞം തീരദേശ പോലീസ് സ്റ്റേഷന്റെ ശോച്യാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) എങ്കിൽ പ്രസ്തുത സ്ഥിതിക്ക് മാറ്റം വരുത്താൻ എന്ത് നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് ;

(ഇ) വിഴിഞ്ഞം തീരദേശ പോലീസ് സ്റ്റേഷന്റെ സ്ഥിതി സംബന്ധിച്ച് 2014 നവംബർ 24-ാം തീയതിയിലെ മലയാള മനോരമ പത്രത്തിന്റെ 13-ാം പേജിൽ വന്നിട്ടുള്ള റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(എഫ്) എങ്കിൽ അത് സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കാമോ ; പ്രസ്തുത റിപ്പോർട്ടിനെ തുടർന്ന് എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ&ബി) 8 എണ്ണം.

1. വിഴിഞ്ഞം
2. നീണ്ടകര
3. തോട്ടപ്പള്ളി
4. ഫോർട്ട് കൊച്ചി
5. അഴിക്കോട്
6. അഴീക്കൽ
7. ബേപ്പൂർ
8. ബേക്കൽ.

LIBRARY ARCHIVES Kerala Legislative Assembly